(3) അഡ്മിനിസ്ട്രേറ്റീവ് ബോർഡ്, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പൊതുവായ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

(4) അഡ്മിനിസ്ട്രേറ്റീവ് ബോർഡ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തീരുമാനിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതാണ്.

കുറിപ്പ്.—അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗസംഖ്യയുടെ മൂന്നിൽ രണ്ടും ഒരു എക്സ്-ഒഫീഷ്യോ അംഗവും ഉൾപ്പെടുന്നതാകുന്നു.

7. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ,—

(i) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ബി) മുതൽ (ഇ) വരെയുള്ള ഖണ്ഡങ്ങൾക്ക് പകരം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ബി) ജില്ലയിലുള്ള മേയർ അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർക്കിടയിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(സി) ജില്ലയിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഡി) ജില്ലയിലുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന്, അവരുടെ ആകെ എണ്ണം അൻപതോ അതിൽ കുറവോ ആണെങ്കിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേരും അൻപതിൽ കൂടുതലാണെങ്കിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് പേരും, അതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ്.";

(ii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡവും ഇനങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,—

(i) ജില്ലയിലെ അസംബ്ലി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നുള്ള മൂന്നിലൊന്ന് അംഗങ്ങൾ;

(ii) ജില്ലയിലെ അംഗീകൃത കോച്ചുമാരിൽ നിന്നുള്ള രണ്ടുപേർ.";

## 2000-ലെ കേരള സ്പോർട്സ് ആക്റ്റിൽ (2001-ലെ 2) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** ** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നാൽ 41-ാം വകുപ്പ് പ്രകാരം രൂപീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു;

** ** ** ** ** ** **

(iv) "ജില്ല" എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു;

(v) "ജില്ലാ സ്പോർട്സ് കൗൺസിൽ" എന്നാൽ ഒരു ജില്ലയ്ക്കുവേണ്ടി 9-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

** ** ** ** ** ** **

(vii) "നിലവിലുള്ള സ്പോർട്സ് കൗൺസിൽ" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിലവിലുള്ള സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

** ** ** ** ** ** **

(x) "വിജ്ഞാപനം" എന്നാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

** ** ** ** ** ** **

(xiv) "സ്പോർട്സ്" എന്നതിൽ ഔട്ട്ഡോർ ഗെയിമുകൾ, കായികാഭ്യാസങ്ങൾ, തുറസ്സായ സ്ഥലത്ത് വച്ച് നടത്തുന്ന കായിക ഗെയിമുകൾ അഥവാ ഗ്രാമീണ കായിക വിനോദങ്ങൾ എന്നീ നിലകളിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളും, ഇക്വിസ്ട്രിയൻ, ഷോജമ്പിംഗ്, സൈക്കിളിംഗ്, മോട്ടോർ പന്തയം, പർവ്വതാരോഹണം, വള്ളംകളി, റൈഫിൾ ഷൂട്ടിംഗ്, കളരിപ്പയറ്റ്, ഔട്ട്ഡോറും ഇൻഡോറും ആയ കായിക വിനോദങ്ങളും, കളികളും, ചെസ്സും, ജിംനാസ്റ്റിക്സും, ഗുസ്തിയും, ഭാരോദ്വഹനവും സൈക്കിൾ പോളോയും മറ്റ് ഒളിംപിക് ഇനങ്ങളും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശിപാർശയിൻമേൽ സംസ്ഥാന സർക്കാർ, വിജ്ഞാപനംമൂലം, ഒരു കായിക വിനോദമായോ കളിയായോ വിനിർദ്ദേശിക്കുന്ന മറ്റ് കായിക പ്രവർത്തനങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

** ** ** ** ** ** **

(xvi) "സ്പോർട്സ് ക്ലബ്" എന്നാൽ, അതത് സംഗതിപോലെ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലോ ടൗൺ സ്പോർട്സ് കൗൺസിലിലോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലോ ഗ്രാമ സ്പോർട്സ് കൗൺസിലിലോ രജിസ്റ്റർ ചെയ്തിട്ടുള്ളതും സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്പോർട്സ് സംഘടനയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ഒരു സ്പോർട്സ് സംഘടന എന്നർത്ഥമാകുന്നു;

** ** ** ** ** ** **

(xvii) "സ്പോർട്സ് താരം" എന്നാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു സ്പോർട്സ് ഇനത്തിൽ ജില്ലാ-സംസ്ഥാന-ദേശീയ-അന്തർദേശീയ നിലവാരത്തിൽ പങ്കെടുത്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു;

(xviii) "സ്റ്റാന്റിംഗ് കമ്മിറ്റി" എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

** ** ** ** ** ** **

3. <u>കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരണവും ഘടനയും.</u>—(1) ** **

(2) ** ** ** ** **

(3) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

** ** ** ** ** ** **

<u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

(എ) ഓരോ അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയിൽ നിന്നും, അങ്ങനെയുള്ള സംഘടനയിലെ അംഗങ്ങൾ അവരിൽ നിന്നും തെരഞ്ഞെടുക്കുന്ന അംഗം വീതം;

(ബി) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും അങ്ങനെയുള്ള ജില്ലാ സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവരുടെയിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം;

(സി) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയിൽ നിന്നും അങ്ങനെയുള്ള സർവ്വകലാശാല യൂണിയന്റെ ജനറൽ കൗൺസിൽ അംഗങ്ങൾ, സർവ്വകലാശാല ടീമുകളിലെ ക്യാപ്റ്റൻമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം;

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലയിലെ അസംബ്ലി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നും മൂന്നിലൊന്ന് അംഗങ്ങൾ;

(ബി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന,—

(i) ജില്ലയ്ക്കകത്തുള്ള കോളേജിലെ ഒരു കായികാദ്ധ്യാപകൻ;

(ii) ജില്ലയ്ക്കകത്തുള്ളതും ജില്ലാതല സ്പോർട്സ് മൽസരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ളതുമായ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും;

(iii) സ്പോർട്സ് മെഡിസിനിൽ മതിയായ നിപുണതയുള്ള ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ;

(iv) അന്തർദ്ദേശീയ അല്ലെങ്കിൽ ദേശീയ നിലവാരത്തിൽ സ്പോർട്സിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദഗ്ദ്ധരായ രണ്ട് പേർ—അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

(4) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിലും ആ കൗൺസിലിലെ അംഗങ്ങളുടെ ഇടയിൽ നിന്നും നിർണ്ണയിക്കപ്പെട്ട പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡന്റും വൈസ് പ്രസിഡന്റും ഉണ്ടായിരിക്കുന്നതാണ്.

** ** ** ** ** ** **

(7) യാതൊരാളും തുടർച്ചയായി രണ്ട് തവണകളിൽ കൂടുതൽ അംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളതല്ല.

** ** ** ** ** ** **

11. <u>ജില്ലാ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.</u>—(1) ജില്ലാ സ്പോർട്സ് കൗൺസിലിന്, അതിന്റെ പ്രസിഡന്റും, വൈസ് പ്രസിഡന്റും, സെക്രട്ടറിയും, ജില്ലാ സ്പോർട്സ് കൗൺസിൽ അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും—അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്—ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

** ** ** ** ** ** **

